**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4054** **03-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ യുനാനി ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര യുനാനി ആശുപത്രികൾ നിലവിലുണ്ടെന്നും അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ; | (എ) | ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ യുനാനി ആശുപത്രികൾ നിലവിലില്ല. കാസർഗോഡ് ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു യുനാനി ഡിസ്പെൻസറി മൊഗ്രാലിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ നാഷണൽ ഹെൽത്ത് മിഷന്റെ(NHM) ഫണ്ടിങ്ങോടുകൂടിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പ്രവർത്തിക്കുന്ന 15 യുനാനി ഡിസ്പെൻസറികളും നാഷണൽ ആയുഷ് മിഷന്റെ (NAM) പിന്തുണയോടെ 4യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ എന്തൊക്കെ ചികിത്സ സൗകര്യങ്ങളാണ് നിലവിലുള്ളത് എന്നും പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കുമോ; | (ബി) | ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ യുനാനി ആശുപത്രികൾ നിലവിലില്ല. കാസർഗോഡ് ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു യുനാനി ഡിസ്പെൻസറി മൊഗ്രാലിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ നാഷണൽ ഹെൽത്ത് മിഷന്റെ(NHM) ഫണ്ടിങ്ങോടുകൂടിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പ്രവർത്തിക്കുന്ന 15 യുനാനി ഡിസ്പെൻസറികളും നാഷണൽ ആയുഷ് മിഷന്റെ (NAM) പിന്തുണയോടെ 4യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാലിൽ സ്ഥിതി ചെയ്യുന്ന യുനാനി ആശുപത്രിയെ കിടത്തി ചികിത്സ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (സി) | മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാലിൽ സ്ഥിതി ചെയ്യുന്ന യുനാനി ഡിസ്പെൻസറിയെ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നതു സംബന്ധിച്ച് ബഹു. എം.എൽ.എ നൽകിയ നിവേദനത്തിന്റെയും കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച ശിപാർശയുടേയും അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നു. നാഷണൽ ആയുഷ് മിഷന്റെ 2017-18 വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ മുഖേന |

| | | | |
|---|---|---|---|
| | | | അപ്ഗ്രഡേഷൻ സ്കീമിൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ മൊഗ്രാൽ യുനാനി ഡിസ്പെൻസറിയെ ആയുഷ് ഹെൽത്ത് & വെൽനസ് സെന്റർ ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഈ സ്കീമിന്റെ ഭാഗമായി 5 ലക്ഷം രൂപ കൂടി സ്ഥാപനത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അനുവദിക്കുകയും, ആയതിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | മൊഗ്രാൽ യുനാനി ആശുപത്രി അപ്ഗ്രേഡ് ചെയ്ത് മികച്ച ചികിത്സ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാലിൽ സ്ഥിതി ചെയ്യുന്ന യുനാനി ഡിസ്പെൻസറിയെ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നതു സംബന്ധിച്ച് ബഹു. എം.എൽ.എ നൽകിയ നിവേദനത്തിന്റെയും കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച ശിപാർശയുടേയും അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നു. നാഷണൽ ആയുഷ് മിഷന്റെ 2017-18 വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ മുഖേന അപ്ഗ്രഡേഷൻ സ്കീമിൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ മൊഗ്രാൽ യുനാനി ഡിസ്പെൻസറിയെ ആയുഷ് ഹെൽത്ത് & വെൽനസ് സെന്റർ ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഈ സ്കീമിന്റെ ഭാഗമായി 5 ലക്ഷം രൂപ കൂടി സ്ഥാപനത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അനുവദിക്കുകയും, ആയതിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ